ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇവിടെ പാസ്സാക്കിയിട്ടുള്ള റൂളുകളും അവരുടെ സ്വാതന്ത്ര്യത്തെ അനുവദിച്ചുകൊണ്ടുള്ളതാണെന്നു അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എം ജാർജ്ജ് : ന്യായമായിട്ടുള്ള അവകാശങ്ങളെ തടസ്സപ്പെടുത്തുന്നതാണെന്നു ഏതെങ്കിലും സംഘടന നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല.

റവന്യൂ റിക്കവറി.

* 1741. [9] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊച്ചി ദേവസ്വംബോർഡിൽനിന്നും റവന്യൂ റിക്കവറി നടത്തിക്കൊണ്ടിരിക്കുന്ന സമ്പ്രദായം മാറ്റുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനു പരിഹാരമായി ദേവസ്വം നിയമം ഏകീകരിക്കുന്നതിനുള്ള നിയമനിർമ്മാണം ഉപേക്ഷിക്കുമെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു താമസിയാതെ നടപ്പിൽവരുത്തുമോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) കൊച്ചിൻ വിളംബരം അനുസരിച്ചുള്ള അധികാരമാണു് കൊച്ചിൻ ദേവസ്വംബോഡു നടത്തിക്കൊണ്ടിരിക്കുന്നതു്. ആ അധികാരം എടുത്തുകളയണമോ, വേണ്ടയോ എന്നുള്ളതു് ഗവണ്മെൻറ് ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ബി) ഏകീകരണനിയമം വേണമെന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കൊച്ചിദേവസ്വംബോർഡിൻെറ സ്വത്തുക്കൾ ഏറ്റെടുക്കുകയും ബോഡു നടത്തുന്ന സ്ഥാപനങ്ങളുടെ ഭരണം നിർവഹിക്കുകയും ചെയ്യണമെന്നു ആവശ്യപ്പെട്ടു് ബോർഡിൽ നിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഈ ചോദ്യം പ്രധാനചോദ്യവുമായി വലിയ ബന്ധമുള്ളതല്ല. കൊച്ചിൻദേവസ്വംബോർഡിൻെറ സ്വത്തു് ഗവണ്മെൻറ് ഏറ്റെടുക്കണമെന്നു അവർ പറഞ്ഞിട്ടില്ല. അവരുടെ വസ്തുക്കൾക്കു ശരിയായിട്ടുള്ള കോമ്പൻസേഷൻ കിട്ടിയാൽ ഗവണ്മെൻറിലേക്കു ഒഴിയാൻ തയ്യാറാണെന്നു പറഞ്ഞു ഒരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതു സംബന്ധിച്ചു് തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : കാർഷികബന്ധബിൽ പാസ്സായാൽ അതനുസരിച്ചുള്ള നടപടികളും അവരേയും ബാധിക്കുന്നതാണു്.

ഭവനനിർമ്മാണം.

* 1742. [12] ശ്രീ. എൻ. ഇ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സെറ്റിൽമെൻറ് സ്കീം അനുസരിച്ചു് കണ്ണൂർജില്ലയിൽ കഴിഞ്ഞകൊല്ലം എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു് ;

(ബി) തലശ്ശേരി താലൂക്കിൽപ്പെട്ട പാനൂർ പഞ്ചായത്തു് 10 ഭവനങ്ങൾ ആവശ്യപ്പെട്ടിട്ടു് ഒരു ഭവനം മാത്രം അനുവദിച്ചതിൻെറ കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 84 ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) കിട്ടിയ അപേക്ഷകളിൽ ആവശ്യമായ വസ്തുതകൾ ഇല്ലാത്തതുകൊണ്ട് അവ പരിഗണിക്കപ്പെട്ടില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഈ സ്കീം അനുസരിച്ചുള്ള ഭവന നിർമ്മാണം ആരുമുഖേനയാണ് നടത്തുന്നത് ?

ശ്രീ. പി. കെ. ചാത്തൻ : തിരഞ്ഞെടുക്കുന്നത് പഞ്ചായത്തുകളാണ്. നടപ്പാക്കുന്നത് കൺട്രാക്ട് കൊടുത്തും ബനിഫിഷ്യറിസിനെക്കൊണ്ടുമാകാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പഞ്ചായത്തില്ലാത്ത സ്ഥലങ്ങളിൽ ഈ പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണം വേണ്ടെന്നാണോ ഗവണ്മെന്റിന്റെ അഭിപ്രായം ?

ശ്രീ. പി. കെ. ചാത്തൻ : പഞ്ചായത്തു ഇല്ലാത്ത സ്ഥലങ്ങളിലും വിതരണം ചെയ്യാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : അതു ഏതു വഴിക്കാണ് ?

ശ്രീ. പി. കെ. ചാത്തൻ : തഹസീൽദാരന്മാർ വഴിയായിരിക്കും.

ശ്രീ. കെ. കുഞ്ഞാമു : ഈ പദ്ധതിയെ പരാജയപ്പെടുത്താൻ ചില പഞ്ചായത്തുകൾ ഇതിൽനിന്നും ഒഴിഞ്ഞുമാറുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. കുഞ്ഞാമു : ഇതിലേയ്ക്കു അനുവദിക്കുന്ന പണം കുറവാണെന്നും കൂടുതൽ പണം വേണമെന്നും പറഞ്ഞു പല പഞ്ചായത്തുകളും ഈ സ്കീം എടുക്കാതിരിക്കുകയാണ് ചെയ്യുന്നത്.

Mr. Speaker : Order, order. It is a statement.

ഫിഫ്ത്ത് സ്റ്റാൻഡാർഡ്.

* 1743. [13] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ലോവർ പ്രൈമറി സ്കൂളിലെ ഫിഫ്ത്ത് സ്റ്റാൻഡേർഡ് ഈ സ്കൂൾവർഷാരംഭംമുതൽ നിർത്തലാക്കുന്നുണ്ടോ ;

(ബി) ഇക്കൊല്ലം ഫിഫ്ത്ത് സ്റ്റാൻഡേർഡിൽനിന്നും പാസ്സായ കുട്ടിയെ ഫസ്റ്റ് ഫാമിലോ, സെക്കൻഡു ഫാമിലോ ചേർക്കുന്നത് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഇല്ല.

(ബി) പുതിയ അദ്ധ്യായനവർഷത്തിൽ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇപ്പോഴും ഫസ്റ്റ് ഫാം, സെക്കൻഡു് ഫാം എന്നിങ്ങനെ ഫാമുകൾ തുടരുകയും, എലിമെന്ററിയും, പ്രൈമറിയും സ്കൂളുകളിൽ സ്റ്റാൻഡേർഡ് സിസ്റ്റം നടപ്പാക്കുകയും ചെയ്തിരിക്കുന്നതു ഒരേ പേരിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly